# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള കേന്ദ്രസഹായം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1318

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, പി.സി. വിഷ്ണുനാഥ്<br>,, ബെന്നി ബെഹനാൻ<br>,, പി.എ.മാധവൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. അനുസരിച്ചുള്ള കേന്ദ്ര സഹായം തേടുന്നതിലും ചെലവഴിക്കുന്നതിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം പിന്നിലായിരുന്നുവോ; വിശദമാക്കുമോ; | (എ) | 2008-2009 ൽ ഫേസ് VII അനുവദിച്ചതിന് ശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ പദ്ധതികളൊന്നും നേടി എടുക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | 2008-2009 ന് ശേഷം നക്സൽ ബാധിത പ്രദേശങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പുതിയ പ്രോജക്ടുകൾ അനുവദിക്കുന്നതിനാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകിയത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത സ്ഥിതി എത്ര മാത്രം മെച്ചപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പലകാരണങ്ങളാൽ മുടങ്ങി കിടന്ന പണികൾക്ക് 15% മുതൽ 42% വരെ ടെണ്ടർ അധിക നിരക്ക് അനുവദിച്ചുകൊണ്ട് പണികൾ പൂർത്തിയാക്കുന്നതിന് സർക്കാർ മുൻകൈ എടുത്തു. ഇതിൻ പ്രകാരം 150 ഓളം വർക്കുകൾ പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 320 റോഡുകൾക്കായി (746 കി.മി.) 457 കോടി രൂപയുടെ ധനസഹായം നേടി എടുക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഫേസ് - III മുതൽ ഫേസ് - VII വരെ അനുവദിച്ച റോഡുകളിൽ മുടങ്ങിക്കിടക്കുന്ന റോഡുകൾ പുനരാരംഭിക്കുന്നതിന് 15% മുതൽ 42% വരെ ടെണ്ടർ അധിക നിരക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിക്കാൻ സാധിച്ചു. ഈ നടപടികളിലൂടെയും പുനരാരംഭിക്കാൻ കഴിയാത്ത വർക്കുകൾ ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പ്രസ്തുത റോഡുകൾ ഈ പദ്ധതിയിൽ നിന്ന് ഉപേക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 906 കി.മീ. നീളത്തിന് പുതിയ റോഡുകളുടെ DPR തയ്യാറാക്കി സമർപ്പിക്കുകയും 746 കി.മീ.ന് കേന്ദ്രാനുമതി നേടിയെടുക്കുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ